# اتّحاد الأولاد السنيّين لعموم كيرالا

# SAMASTHA KERALA SUNNIBALA VEDI

(Under:SAMASTHAKERALAJAM-IYYATHULMUALLIMEENCENTRALCOUNCIL)



സമസ്താലയം, ചേളാരി, പി.ഒ തേഞ്ഞിപ്പലം, പിൻ- 673 636, മലപ്പുറം, ഫോൺ : 8714608987, 0494-2400 530

website : www.sksbvstate.com, Email: sksbvstate@gmail.com


---

**SKSBV** Circular No/02/2025-2026
24-03-2025

**ജില്ല, റെയ്ഞ്ച്, മദ്റസ യൂണിറ്റ് സുന്നി ബാലവേദി, ജംഇയ്യത്തുൽ മുഅല്ലിമീൻ എന്നിവയുടെ ഭാരവാഹികളെ അറിയിക്കുന്നത്.**

**മാന്യരേ, السّلام عليكم**

പുതിയൊരു അധ്യയനവർഷത്തിലേക്ക് നാം കടന്നിരിക്കുകയാണല്ലോ. സമസ്ത കേരള സുന്നി ബാലവേദിയുടെ പ്രവർത്തനങ്ങൾ കുടുതൽ ഊർജിതമായി മുൻ വർഷങ്ങളിലെ പോലെ ഈ വർഷവും നടക്കേണ്ടതുണ്ട്. സംസ്ഥാന കമ്മിറ്റി **"കൂട്ടുകൂടാം സുകൃത വീഥിയിൽ"** എന്ന പ്രമേയവുമായി തഹ്ദീസ് 2025 സംഘടനാ ശാക്തീകരണ ക്യാമ്പയിൻ **ഏപ്രിൽ 20 മുതൽ ജൂലൈ 30** വരെ നടത്തുവാൻ തീരുമാനിച്ചിരിക്കുന്നു.

## തഹ്ദീസ് 2025

### യൂണിറ്റ് കൗൺസിൽ

* ഏപ്രിൽ 20 - മെയ് 10
* സംസ്ഥാന കമ്മിറ്റി നൽകുന്ന ഫോറം അടിസ്ഥാനമാക്കിയാണ് കമ്മിറ്റി രൂപീകരിക്കേണ്ടത്.
* പുതിയ യൂണിറ്റ് രൂപീകരിക്കുന്നവർക്കും പുതുക്കുന്നവർക്കും ആവശ്യമായ ഫോറം ഇതോടൊപ്പം നൽകുന്നു.
* പൂർണ്ണമായും വൃത്തിയായും പൂരിപ്പിക്കേണ്ടതാണ്.
* മെയ് 20 നുള്ളിൽ പൂരിപ്പിച്ച ഫോറം റെയ്ഞ്ച് കമ്മിറ്റിയെ ഏൽപ്പിക്കേണ്ടതാണ്.

### റെയ്ഞ്ച് കൗൺസിൽ

* ജൂൺ 1 - ജൂൺ 30
* നിശ്ചിത തിയ്യതിക്കുള്ളിൽ പുതുതായി തിരഞ്ഞെടുക്കപ്പെട്ട യൂണിറ്റ് ഭാരവാഹികളെയും കൗൺസിലർമാരെയും പങ്കെടുപ്പിച്ച് റെയ്ഞ്ച് കൗൺസിൽ ചേരേണ്ടതും റെയ്ഞ്ച് ഭാരവാഹികളിൽ ഒഴിവ് വന്നിട്ടുണ്ടെങ്കിൽ അത് നികത്തേണ്ടതുമാണ്. സംസ്ഥാന കമ്മിറ്റി നൽകിയിട്ടുള്ള ഫോറം അടിസ്ഥാനമാക്കിയാണ് റെയ്ഞ്ച് കമ്മിറ്റി രൂപീകരിക്കേണ്ടത്.
* യൂണിറ്റിൽ നിന്നും ലഭിച്ച ഫോം റെയ്ഞ്ച് സെക്രട്ടറി മുഖേന **skjmcc** സൈറ്റിൽ അപ്‌ലോഡ് ചെയ്യേണ്ടതാണ്.

### മേഖലാ കമ്മിറ്റി

* ജൂലൈ 1 - 15
* മേഖലാതല കമ്മിറ്റികളുള്ള സ്ഥലങ്ങളിൽ ജില്ലാ കമ്മിറ്റികളുടെ മേൽ നോട്ടത്തിൽ ജില്ലാ കമ്മിറ്റി നിശ്ചയിക്കുന്ന സമയത്ത് സമയബന്ധിതമായി രൂപീകരിക്കേണ്ടതാണ്.
  (മേഖലാ കമ്മിറ്റികൾ റെയ്ഞ്ച് കമ്മിറ്റികളുടെ മാതൃകയിലാണ് രൂപീകരിക്കേണ്ടത്).

P.T.O

**ജില്ലാ കൗൺസിൽ**

* ജൂലൈ 16 - ജൂലൈ 30
* നിശ്ചിത തിയ്യതിക്കുള്ളിൽ ജില്ലാ കൗൺസിലർമാരെ പങ്കെടുപ്പിച്ച് ജില്ലാ കൗൺസിൽ ചേരേണ്ടതും ജില്ലാ ഭാരവാഹികളിൽ ഒഴിവ് വന്നിട്ടുണ്ടെങ്കിൽ അത് നികത്തേണ്ടതും സംസ്ഥാന കമ്മിറ്റിയെ അറിയിക്കേണ്ടതുമാണ്.

**മെമ്പർഷിപ്പ്**

മദ്റസാ യൂണിറ്റുകളിലെ മുഴുവൻ വിദ്യാർത്ഥി–വിദ്യാർത്ഥിനികൾക്കും മെമ്പർഷിപ്പ് നൽകി മെമ്പർഷിപ്പ് തുക ഒരു കുട്ടിക്ക് 6 രൂപ വീതം (അനാഥകളൊഴികെ) പിരിച്ചെടുത്ത് 4 രൂപ വീതം SKJM റെയ്ഞ്ച് സെക്രട്ടറിയെ ഏൽപ്പിക്കേണ്ടതും 2 രൂപ വീതം മദ്റസാ യൂണിറ്റ് എസ്.ബി.വി.ചെലവുകൾക്കായി വിനിയോഗിക്കാവുന്നതാണ്. റെയ്ഞ്ചിൽ ലഭിക്കുന്ന മെമ്പർഷിപ്പ് സംഖ്യ ഓൺലൈനായി സൈറ്റിൽ രേഖപ്പെടുത്തി പ്രിന്റ് എടുത്ത് ഓഫീസിൽ എത്തിക്കേണ്ടതും ജൂൺ 2നകം സെൻട്രൽ കൗൺസിൽ ഓഫീസിലടച്ച് റസീപ്റ്റ് വാങ്ങേണ്ടതും മെമ്പർഷിപ്പ് കൈപറ്റേണ്ടതുമാണ്. (പ്രവർത്തക സമിതിയിൽ പെൺകുട്ടികൾക്ക് അംഗത്വമുണ്ടായിരിക്കുന്നതല്ല) **മദ്റസാ പഠനം കഴിഞ്ഞ 20 വയസ്സിൽ കവിയാത്ത ആൺകുട്ടികളെ ഭാരവാഹിത്തത്തിൽ ഉൾപെടുത്താവുന്നതും അത്തരം കുട്ടികൾക്ക് മെമ്പർഷിപ്പ് നൽകേണ്ടതുമാണ്.**

**NB: മദ്റസകളുടെ എണ്ണമനുസരിച്ച് റെയ്ഞ്ച് കമ്മിറ്റി ഈ സർക്കുലർ പ്രിന്റ് എടുത്ത് ഓരോ യൂണിറ്റുകൾക്കും നൽകേണ്ടതാണ്.**

---

സംസ്ഥാന കമ്മിറ്റിക്ക് വിവരങ്ങൾ കൈമാറൽ

താഴെതട്ടിൽ നടക്കുന്ന സംഘടനാ ചലനങ്ങൾ യഥാസമയം മേൽഘടകങ്ങളിലേക്ക് എത്തിക്കാൻ പ്രത്യേകം ശ്രദ്ധിക്കണം.

ഇ–മെയിൽ: sksbvstate@gmail.com

**എന്ന്**
**ഹർഷാദ് കുറ്റിക്കടവ് (ഒപ്പ്)**
**ജനറൽ സെക്രട്ടറി**
**SKSBV സംസ്ഥാന കമ്മിറ്റി**

SAMASTHALAYAM CHELARI P.O THENHIPPALAM PIN :673 636 SKSBV

**സമസ്താലയം**
**24/03/2025**

---